# ഉന്നത വിദ്യാഭ്യാസ പുനഃസംഘാടനവും മികവിന്റെ സാധ്യതകളും

## കേന്ദ്ര പദ്ധതി

കേരള സർവകലാശാല ഒഴിച്ചുള്ള സംസ്ഥാനത്തെ മറ്റ് സർവകലാശാലകൾ ഈ വർഷം ചോയ്സ് ബെയ്സ്ഡ് കോഴ്സ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും ഡിഗ്രിതലത്തിൽ നടപ്പാക്കുകയാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 100 ദിന പരിപാടികളിൽ ഉൾപ്പെടുത്തുകയും യു.ജി.സി ഒരു കൊല്ലം മുൻപ് നിർദേശിക്കുകയും ചെയ്ത ഈ പരിഷ്ക്കാരം ആദ്യമായി നടപ്പാകുന്നത് ഒരുപക്ഷെ കേരളത്തിലായിരിക്കും. കേന്ദ്ര സർക്കാരും യു.ജി.സി യും ഇത്തരത്തിലുള്ള ഒരു പരിഷ്ക്കാരത്തെക്കുറിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് വളരെ മുൻപേ തന്നെ ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങളും തുടർപ്രവർത്തനങ്ങളും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ ആരംഭിച്ചിരുന്നു.

## കേരള അനുഭവം 1978 മുതൽ

കോഴ്സ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും പുതിയ ആശയങ്ങളല്ല. പാശ്ചാത്യ രാജ്യങ്ങളിൽ പരക്കെ പ്രചാരമുള്ളതും ഇന്ത്യയിൽ തന്നെ വിവിധ സർവകലാശാലകളിൽ നടപ്പാക്കിവരുന്നതുമാണ്. കേരളത്തിൽ തന്നെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ 1978 മുതൽ സെമസ്റ്റർ സമ്പ്രദായം നിലവിലുണ്ട്. 2005 ൽ ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ് സിസ്റ്റവും നിലവിൽ വന്നു. ആർട്ട്സ് & സയൻസ് മേഖലയിൽ ബിരുദാനന്തര ബിരുദ കോഴ്സുകളെല്ലാം ഇപ്പോൾ തന്നെ സെമസ്റ്റർ സമ്പ്രദായത്തിലാണ്. ഡിഗ്രി തലത്തിൽ പുതിയ കോഴ്സുകളിൽ ചിലതിലെങ്കിലും സെമസ്റ്റർ സമ്പ്രദായം അവലംബിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയുടെ പരിധിയിലുള്ള കോളേജുകളിൽ മാത്രം വിവിധ വിഷയങ്ങളിലായി ഇത്തരം ഇരുന്നൂറിലധികം കോഴ്സുകളുണ്ട്. ഈ പരിഷ്ക്കാരങ്ങൾ നടപ്പാക്കിയപ്പോൾ ഇത് സംബന്ധിച്ച് യാതൊരു എതിർപ്പും പൊതു സമൂഹത്തിൽ നിന്നോ അക്കാദമിക സമൂഹത്തിൽ നിന്നോ ഉയർന്നു വന്നതായി അറിവില്ല. ഒരു പക്ഷെ വളരെയധികം ചർച്ചചെയ്യപ്പെടാതിരുന്നതുകൊണ്ടും ഒരു ന്യൂനപക്ഷം വിദ്യാർത്ഥികളെ മാത്രം ബാധിക്കുന്ന പരിഷ്ക്കാരം ആയിരുന്നതുകൊണ്ടുമാവാം അന്ന് ആക്ഷേപങ്ങൾ ഉണ്ടാകാതിരുന്നത്. ഇപ്പോൾ ഈ പരിഷ്ക്കാരം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ആക്ഷേപങ്ങൾ തന്നെ ഈ പരിഷ്ക്കാരത്തിന്റെ നടത്തിപ്പിലെ ജനകീയ സ്വഭാവം വ്യക്തമാക്കുന്നു.

## തയ്യാറെടുപ്പ് 2007 മുതൽ

2008 ജനുവരി മാസത്തിലാണ് കോഴ്സ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് യു.ജി.സി ഇന്ത്യയിലെ സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയത്. എന്നാൽ 2007 ഏപ്രിൽ മാസത്തിൽ ഇതു സംബന്ധിച്ച് ഒരു നയ പരമായ തീരുമാനം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ കൈക്കൊള്ളു കയുണ്ടായി. 2007 മാർച്ച് മാസത്തിൽ നിലവിൽ വന്ന കൗൺസിൽ ആദ്യമായി ചെയ്തത് അടുത്ത നാല് വർഷത്തെ അജണ്ട ചർച്ച ചെയ്യുന്നതിന് വിപുലമായ ആശയ സംവാദം നടത്തുകയായിരുന്നു. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വിച ക്ഷണർ, പൊതു പ്രവർത്തകർ എന്നിവരുമായി നടത്തിയ സംവാദങ്ങളിലെല്ലാം ഉയർന്നു വന്ന ഒരു പ്രധാന ആവശ്യം ഡിഗ്രിതലത്തിലെ വിദ്യാഭ്യാസ സമ്പ്രദായം പൂർണ്ണമായും ഉടച്ചുവാർക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകണം എന്നതായി രുന്നു. 2007 ൽ പുതിയ പാഠ്യ പദ്ധതിയിലൂടെ പ്ലസ്ടു പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് ഡിഗ്രിതലത്തിൽ അക്കാദമികമായി വളരെ പിന്നിൽ നിൽക്കുന്ന ഒരു പഠന സമ്പ്രദായ ത്തിലേയ്ക്ക് തിരിച്ചുപോകേണ്ടി വരുന്നുവെന്ന ആശങ്ക ഈ ചർച്ചകളിലെല്ലാം വളരെ വ്യാപകമായി ഉയർന്നുവന്നിരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് ഡിഗ്രി തല വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനത്തെക്കുറിച്ച് ഒരു സമവായം രൂപപ്പെട്ടത്.

## ഡോ. വിജയൻ കമ്മിറ്റി റിപ്പോർട്ട്

പരിഷ്ക്കാരങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസർ ഡോ.എം.വിജയന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ കൗൺസിൽ താമസിയാതെ നിയമിക്കുകയുണ്ടായി. വളരെ വിശദ മായ പഠനങ്ങളുടേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഡിഗ്രിതല പുന:സംഘാടനം സംബന്ധിച്ച് സമഗ്രമായ ഒരു കാഴ്ചപ്പാട് കമ്മിറ്റി അവതരിപ്പിച്ചു. ഡിഗ്രി തല വിദ്യാ ഭ്യാസത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലും ബോധന രീതിയിലും മൂല്യ നിർണ്ണയ സമ്പ്രദായത്തിലും സമഗ്രമായ മാറ്റങ്ങളാണ് കമ്മിറ്റി ശുപാർശ ചെയ്തത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോഴ്സ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും അടങ്ങിയ ഘടനാപരമായ മാറ്റങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകൾ കേരളത്തിൽ ആരംഭിച്ചത്.

## വൈവിധ്യമാർന്ന പഠനാനുഭവം: നാലു തരം കോഴ്സുകൾ

വാർഷിക സമ്പ്രദായത്തൽ നിന്ന് സെമസ്റ്റർ സമ്പ്രദായത്തിലേയ്ക്ക് മാറുന്നതോട് കൂടി പുതിയ പഠന മേഖലകളിലേയ്ക്ക് കടന്നുചെല്ലാനുള്ള വിപുലമായ സാധ്യതകളാണ് വിദ്യാർത്ഥികൾക്ക് തുറന്ന് കിട്ടുക. പുതിയ സമ്പ്രദായത്തിൽ നാല് തരത്തിലുള്ള കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു. ഐച്ഛിക വിഷയ ങ്ങൾക്കും (core courses) അനുപൂരക വിഷയങ്ങൾക്കും (complementary courses) പുറമെ പൊതു കോഴ്സു (common courses) കളും ഓപ്പൺ കോഴ്സുകളും (open courses) പഠിക്കാൻ ആവശ്യമായ ഇടം പുതിയ സമ്പ്രദായത്തിൽ ഉണ്ട്. ഡിഗ്രിതല വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസത്തിന്റെ തുടർച്ചയും സവിശേഷ പഠനത്തിന്റെ തുടക്ക വുമാണ്. അതുകൊണ്ട് തന്നെ ഈ രണ്ട് തലത്തിലുള്ള വിദ്യാഭ്യാസത്തിന്റെയും അംശ ങ്ങൾ ഡിഗ്രി പഠനത്തിന്റെ ഭാഗമാകേണ്ടതുണ്ട്. സ്കൂൾതലത്തിലെ പൊതു പഠനത്തിന്റെ തുടർച്ചയായി ഭാഷ, സംസ്ക്കാരം, പൗരധർമ്മം, മതേതരത്വം, പരിസ്ഥിതി സംരക്ഷണം, ശാസ്ത്രം തുടങ്ങിയ മേഖലകളിൽ പഠനം നടത്തുന്നതിന് എല്ലാ വിദ്യാർത്ഥികൾക്കും പുതിയ സമ്പ്രദായത്തിൽ അവസരം ലഭിക്കും. കോർ കോഴ്സുകളുടെ പഠനത്തിന് സഹായകമായ അനുപൂരക കോഴ്സുകൾ ആഴത്തിലുള്ള പഠനത്തിന് സഹായകമാകും. ഓപ്പൺ കോഴ്സുകൾ ബഹുവൈജ്ഞാനിക തലത്തിലുള്ള പഠനങ്ങൾ സാധ്യമാക്കും.

## ക്രെഡിറ്റ് സമ്പ്രദായം

പരമ്പരാഗത സമ്പ്രദായത്തിൽ ഒരു നിശ്ചിത എണ്ണം കോഴ്സുകൾ (പേപ്പറുകൾ) ആണ് ഒരു ഡിഗ്രി പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികളും പഠിക്കുന്നത്. പുതിയ സമ്പ്രദായത്തിൽ ഓരോ സ്ഥാപനത്തിലേയും ഭൗതിക–മനുഷ്യ വിഭവ ശേഷി പരമാവധി പ്രയാജനപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥിയുടെ അഭിരുചിക്ക് അനുസരണമായി കൂടുതൽ കോഴ്സുകൾ പഠിക്കാനുള്ള അവസരം ഉണ്ട്. ക്രെഡിറ്റ് സമ്പ്രദായം ഏർപ്പെടുത്തിയതു കൊണ്ടാണ് ഇത് സാധ്യമാകുന്നത്. ഒരു കോഴ്സ് പഠിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പഠന സമയത്തിന്റെ (contact hours) അനുപാതത്തിലാണ് ക്രെഡിറ്റുകളുടെ എണ്ണം തിട്ട പ്പെടുത്തുക. ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ള മാർഗരേഖയിൽ ആഴ്ച യിൽ അഞ്ച് മണിക്കൂർ പഠന സമയമുള്ള കോഴ്സിന് നാല് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ഒരു സെമസ്റ്ററിൽ പതിനെട്ട് ആഴ്ചകളിൽ അഞ്ച് മണിക്കൂർ വീതം ലഭിക്കുന്ന നാല് ക്രെഡിറ്റ് കോഴ്സിന് മൊത്തം 90 മണിക്കൂർ പഠന സമയമുണ്ടാകും. ഡിഗ്രി പ്രോഗ്രാം

വിജയകരമായി പൂർത്തിയാക്കുന്നതിന് ഒരു വിദ്യാർത്ഥി ഏറ്റവും കുറഞ്ഞത് 30 കോഴ്സുകൾ പഠിച്ച് 120 ക്രെഡിറ്റുകൾ നേടേണ്ടതുണ്ട്. നാല് ക്രെഡിറ്റ് കോഴ്സുകൾക്ക് പകരം ഏതാനും രണ്ട് ക്രെഡിറ്റ് കോഴ്സുകൾ പഠിച്ചുകൊണ്ട് 30 മുതൽ 40 വരെ കോഴ്സുകൾ പഠിക്കുകയും ആവാം. കൂടുതൽ വൈവിധ്യമാർന്ന മേഖലകളിൽ പഠനം വേണമോ, മിതമായ മേഖലകളിൽ ബൃഹത്തായ പഠനം വേണമോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമാണ് വിദ്യാർത്ഥിക്ക് ലഭിക്കുക. ക്രെഡിറ്റുകൾ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ട്രാൻസ്ഫർ ചെയ്യാം. വിദ്യാർത്ഥികളുടെ അക്കാദമിക മൊബിലിറ്റി ഇതു മൂലം വളരെയേറെ വർദ്ധിക്കുന്നുതാണ്.

**ഭാഷാ പഠനം**

പുതിയ സമ്പ്രദായത്തിൽ ഭാഷാ–സാഹിത്യ പഠനത്തിന് പുതിയ മാനങ്ങൾ കൈവന്നിട്ടുണ്ട്. ഭാഷാ പഠനത്തെ സാഹിത്യ പഠനം മാത്രമായി ചുരുക്കിയിട്ടില്ല. കൂടുതൽ സമഗ്രമായി ഭാഷയുടെ വിവിധ സാധ്യതകളും പ്രയോഗവും പരിചയപ്പെടാൻ അവസരം ലഭിക്കും. ഐച്ഛിക വിഷയവുമായി ബന്ധപ്പെട്ട സവിശേഷ ഭാഷ പഠിക്കുന്നതിനും ഭാഷ സൂക്ഷ്മമായി പ്രയോഗിക്കുന്നതിനും ഉള്ള സാധ്യതകൾ കണക്കിലെടുത്തിട്ടുണ്ട്. പുതിയ തലമുറ കോഴ്സുകളിൽ കൂടി ഭാഷാ പഠനം നിർബന്ധമാക്കിയിരിക്കുന്നു. സ്കൂൾ തലത്തിലെ ഭാഷാ പഠന രീതിയിൽ നിന്ന് വ്യത്യസ്തമായ രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. തത്ഫലമായി ഭാഷാ പഠനത്തിനുള്ള പ്രാധാന്യം കുറയുകയല്ല, വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതിയ സമ്പ്രദായത്തെ സമഗ്രമായി പരിശോധിക്കുകയാണെങ്കിൽ സാഹിത്യ പഠനത്തിൽ താല്പര്യമുള്ളവർക്ക് കൂടുതൽ സന്ദർഭം ലഭിക്കുമെന്ന് തിരിച്ചറിയാൻ കഴിയും.

**ബഹുവൈജ്ഞാനിക പഠനവും ജ്ഞാന നിർമ്മിതിയും**

തിരഞ്ഞെടുത്ത വിഷയങ്ങളിൽ സവിശേഷ ജ്ഞാനം നേടാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതോടൊപ്പം പ്രത്യേക വിഷയ മേഖലയ്ക്ക് അപ്പുറത്ത് ഒന്നോ രണ്ടോ വിഷയങ്ങളിൽ കൂടി പഠനത്തിനുള്ള അവസരവും നൽകുന്നു. ഉദാഹരണത്തിന് ഗണിതശാസ്ത്രം ഐച്ഛിക വിഷയമായി എടുക്കുന്ന ഒരു വിദ്യാർത്ഥിക്ക് ക്വാണ്ടം തിയറിയിൽ കോഴ്സ് ചെയ്യുന്നതിന് അവസരം ലഭിക്കാം. ബഹുവൈജ്ഞാനിക പഠനം പ്രോത്സാഹിപ്പിച്ചുകൊണ്ട് പുതിയ അന്തർ വൈജ്ഞാനിക മേഖലകൾ കണ്ടെത്താനും പുതിയ അറിവ് സൃഷ്ടിക്കാനും ഇത്തരത്തിൽ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിവിധ വിജ്ഞാന മേഖലകൾക്ക് അന്യോന്യം സംവദിക്കാൻ സാധിക്കുന്ന ഇടങ്ങളിലാണ്

പുതിയ അറിവ് സൃഷ്ടിക്കപ്പെടുന്നത് എന്ന ആധുനിക സങ്കല്പമാണ് ഈ പദ്ധതിക്ക് സൈദ്ധാന്തിക പിൻബലം നൽകുന്നത്. അതിനാവശ്യമായ ധൈഷണിക അടിത്തറ കെട്ടിപ്പടുക്കുകയാണ് പുതിയ സമ്പ്രദായത്തിന്റെ ഉദ്ദേശ്യം.

**ആഴത്തിലുള്ള പഠനം**

വൈവിധ്യമാർന്ന ഒട്ടേറെ കോഴ്സുകൾ പഠിക്കുമ്പോൾ പഠനത്തിന്റെ ഗൗരവം ചോർന്ന് പോകുന്നില്ലേ എന്ന സംശയം സ്വാഭാവികമാണ്. പക്ഷെ, പുതിയ ബോധന സമ്പ്രദായ ത്തിന്റെ പ്രത്യേകത പരിഗണിക്കുമ്പോൾ ഇത്തരം സംശയങ്ങൾക്ക് അടിത്തറയില്ലെന്ന് വ്യക്തമാകുന്നതാണ്. ഓരോ വിഷയവും അതിന്റെ രീതിശാസ്ത്രവുമായി ബന്ധപ്പെ ടുത്തി പഠിക്കുന്നു എന്നതാണ് പുതിയ സമ്പ്രദായത്തിന്റെ സവിശേഷത. അതുകൊണ്ട് പഠന പ്രക്രിയ കൂടുതൽ ആഴത്തിൽ ഉള്ളതും അർത്ഥവത്തായും തീരുന്നതാണ്. വിദ്യാർത്ഥി കേന്ദ്രീകൃതവും വ്യത്യസ്ത തലങ്ങളിൽ നിന്നും ലഭിക്കുന്നതുമായ പഠനാനു ഭവങ്ങൾ ഉൾക്കൊള്ളുന്ന പുതിയ സമ്പ്രദായം വിദ്യാർത്ഥികൾക്ക് പഠിക്കുന്ന വിഷയ ത്തോട് കൂടുതൽ ആഭിമുഖ്യം ഉണ്ടാക്കാൻ സഹായിക്കും. യഥാർത്ഥത്തിൽ ജീവിതാ ന്ത്യം വരെ നീണ്ടുനിൽക്കുന്ന പഠന പ്രക്രിയക്ക് വേണ്ട അടിസ്ഥാന പരിശീലനം മാത്ര മാണ് ഡിഗ്രി തലത്തിൽ നൽകപ്പെടുന്നത്.

**ആന്തരിക മൂല്യനിർണയം**

ഡിഗ്രി തലത്തിൽ ആന്തരിക മൂല്യനിർണയം ഇപ്പോൾ തന്നെ നിലവിലുണ്ട്. 25 ശത മാനം മുതൽ 40 ശതമാനം വരെ ആന്തരിക മൂല്യനിർണയമാകാമെന്നാണ് യു.ജി.സി ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ എന്നാൽ നിലവിലുള്ള പരിതസ്ഥിതി കണക്കിലെടു ത്തുകൊണ്ട് ആന്തരിക മൂല്യനിർണയം തുടക്കത്തിൽ 25 ശതമാനം മതിയെന്നാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയമിച്ച വിദഗ്ദ്ധ സമിതി നിർദ്ദേശിച്ചത്. ആന്തരിക മൂല്യ നിർണയത്തിന്റെ വിശ്വാസ്യത സംബന്ധിച്ച് ഒട്ടേറെ പരാതികൾ നിലനിൽക്കുന്നതുകൊ ണ്ടാണ് ഇത്തരത്തിലുള്ള മൂല്യനിർണയത്തിന്റെ തോത് പരിമിതപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ സമ്പ്രദായത്തിന്റെ വിശ്വാസ്യത വർദ്ധിക്കുന്ന മുറയ്ക്ക് ആന്തരിക മൂല്യ നിർണയത്തിന്റെ തോത് വർധിപ്പിക്കാവുന്നതാണ്. പൂർണമായും ആന്തരിക മൂല്യ നിർണയ സമ്പ്രദായത്തിലേയ്ക്ക് മാറിക്കൊണ്ട് മാത്രമേ നാം ലക്ഷ്യമാക്കുന്ന തരത്തി ലുള്ള വൈവിധ്യവല്ക്കരണം ഉന്നത വിദ്യാഭ്യാസ രംഗത്ത് സാധ്യമാകുകയുള്ളൂ.

## ത്രിതല പരാതി പരിഹാര സെല്ലുകൾ

അധ്യാപകർ പക്ഷപാതപരമായി വിദ്യാർത്ഥികൾ അർഹിക്കുന്നതിൽ കൂടുതലും കുറച്ചും മാർക്ക്/ഗ്രേഡ് നൽകുന്നതായി ആക്ഷേപമുണ്ട്. മൂല്യ നിർണയവുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള പരാതികൾ പരിഹരിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് തലത്തിലും കോളേജ് തലത്തിലും സർവകലാശാലാ തലത്തിലും പരാതി പരിഹാര സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനു പുറമെ സുതാര്യത ഉറപ്പാക്കുന്നതിന് മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്ന സമ്പ്രായവും നടപ്പാക്കാവുന്നതാണ്. വിദ്യാർത്ഥികളുടെ ഗ്രേഡ് സർട്ടിഫിക്കറ്റിൽ ബാഹ്യ-ആന്തരിക മൂല്യനിർണയ ഫലങ്ങളും ആന്തരിക മൂല്യ നിർണ്ണയം നടത്തിയ സ്ഥാപനത്തിന്റെ പേരും ക്ലാസ്സ് ആവറേജും സർവകലാശാലാ ആവറേജും വെവ്വേറെ രേഖപ്പെടുത്തുക എന്നീ നിർദ്ദേശങ്ങളും പരിഗണിക്കാവുന്നതാണ്.

## ഡയറക്ട് ഗ്രേഡിംഗ് സമ്പ്രദായം

മൂല്യനിർണയ സമ്പ്രദായത്തിലുള്ള മറ്റൊരു പരിഷ്കാരം ഗ്രേഡിംഗ് ഏർപ്പെടുത്തിയിരിക്കുന്നു എന്നതാണ്. സ്കൂൾ തലത്തിൽ നടപ്പാക്കിയ പരോക്ഷ ഗ്രേഡിംഗ് സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി പ്രത്യക്ഷ ഗ്രേഡിംഗ് സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്. സ്കൂൾ തലത്തിൽ നിന്നും വ്യത്യസ്തമായ ലക്ഷ്യങ്ങളോടെയാണ് ഗ്രേഡിംഗ് ഉന്നത വിദ്യാഭ്യാസ തലത്തിൽ നടപ്പാക്കുന്നത്. സ്കൂൾ തലത്തിൽ റാങ്ക് ലക്ഷ്യമാക്കിയുള്ള അനാരോഗ്യകരമായ കിടമത്സരം ഒഴിവാക്കുന്നതിനാണ് പ്രാമുഖ്യം നൽകിയതെങ്കിൽ മൂല്യനിർണയ പ്രക്രിയ ഗുണപരമായി മെച്ചപ്പെടുത്തുന്നതിനാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. ഉത്തരങ്ങളുടെ ഗുണമേന്മയും വ്യാപ്തിയും വേർതിരിച്ച് മൂല്യനിർണയം നടത്താൻ പുതിയ സമ്പ്രദായത്തിൽ സാധ്യമാകും. മൂല്യനിർണയ രീതി ലളിതമാക്കികൊണ്ട് കൂടുതൽ ഫലപ്രദമാക്കുക എന്നതാണ് ലക്ഷ്യം.

മാർക്ക് നൽകുന്ന സമ്പ്രദായം പൂർണമായും ഉപേക്ഷിച്ചുകൊണ്ട് ഓരോ ഉത്തരവും ഗുണമേന്മയുടെ അടിസ്ഥാനത്തിൽ 'A' മുതൽ 'E' വരെയുള്ള അഞ്ച് ഗ്രേഡുകളായി തരം തിരിക്കുന്ന സമ്പ്രദായമാണ് അവലംബിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഗുണമേന്മ തിട്ടപ്പെടുത്തിയ ശേഷം പ്രതീക്ഷിക്കുന്ന ഉത്തരത്തിന്റെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ (ഒറ്റവാക്ക്/ഖണ്ഡിക/ചെറിയ ഉപന്യാസം/വലിയ ഉപന്യാസം എന്നിങ്ങനെ) മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള വെയ്റ്റേജ് നൽകും. ലെറ്റർ ഗ്രേഡുകളുടെ വ്യത്യാസമനുസരിച്ച്

പൂജ്യം മുതൽ നാല് വരെനൽകുന്ന ഗ്രേഡ് പോയിന്റിന്റെയും ചോദ്യങ്ങളുടെ സ്വഭാവമ നുസരിച്ച് ഒന്നു മുതൽ നാലു വരെ നൽകുന്ന വെയ്റ്റേജിന്റെയും ഗുണിത ഫലത്തിന്റെ തുകയെ ചോദ്യങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ഒരു പരീക്ഷയുടെ ഗ്രേഡ് പോയിന്റ് ആവറേജും (GPA) ഗ്രേഡും നിർണയിക്കാം. ഇത്തരത്തിൽ ഓരോ കോഴ്സിനും (പേപ്പർ) സെമസ്റ്ററിനും പ്രോഗ്രാമിനും (ഡിഗ്രി) ഫലനിർണയം നടത്താവുന്നതാണ്. ഓരോ ഉത്തരത്തിനും അഞ്ച് പോയിന്റ് സ്കെയിലിൽ ഫലനിർണയം നടത്തുമ്പോൾ, A+, A, B+, B, C+, C, D എന്നിങ്ങനെ ഏഴ് ഗ്രേഡുകളിലായിരിക്കും ഒരു പ്രോഗ്രാമിന്റെ ഗ്രേഡ് പോയിന്റ് ആവറേജും (CGPA) ഗ്രേഡും കണക്കാക്കുക. കുറഞ്ഞത് 120 ക്രെഡിറ്റും C+ ഗ്രേഡും ലഭിക്കുന്ന വിദ്യാർത്ഥികൾ വിജയകരമായി ബിരുദ പഠനം പൂർത്തിയാക്കിയതായി അംഗീകരിക്കപ്പെടും. തോൽക്കുന്നവർക്ക് വീണ്ടും പരീക്ഷ യെഴുതി ജയിക്കാൻ അവസരമുണ്ട്. ഇടയ്ക്ക് വച്ച് പഠനം നിറുത്തേണ്ടിവരുന്നവർക്ക് സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് പഠനം പുനരാരംഭിക്കാനും വ്യവസ്ഥയുണ്ട്.

**മൂല്യനിർണയവും ഫലപ്രഖ്യാപനവും**

സെമസ്റ്റർ സമ്പ്രദായത്തിൽ പരീക്ഷകളുടെ എണ്ണം ഇരട്ടിയായി വർദ്ധിക്കുമ്പോൾ മൂല്യ നിർണയവും ഫലപ്രഖ്യാപനവും വൈകിയേക്കുമെന്ന ആശങ്ക സ്വാഭാവികമായും പല കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവരുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമ ങ്ങൾ സർവകലാശാലാ തലത്തിൽ നടത്തേണ്ടതുണ്ട്. പരീക്ഷകളുടെ നടത്തിപ്പ് പൂർണമായും കമ്പ്യൂട്ടർവല്ക്കരിക്കണം. ബാർകോഡിംഗ് ഏർപ്പെടുത്തിക്കൊണ്ട് മൂല്യ നിർണയത്തിന്റെ വിശ്വാസ്യത ഉറപ്പാക്കാം. വികേന്ദ്രീകൃതമായി ക്യാമ്പുകൾ സംഘടിപ്പി ച്ചുകൊണ്ട് മൂല്യനിർണയം സമയബന്ധിതമായി നടപ്പാക്കാം. റഗുലർ, പ്രൈവറ്റ് രജി സ്ട്രേഷൻ നടത്തുന്ന വിദ്യാർത്ഥികളുടെ മൂല്യനിർണയത്തിന് സർവകലാശാലാ തല ത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നത് നന്നായിരിക്കും. നിശ്ചിത യോഗ്യത യുള്ള എക്സാമിനർമാരുടെ പ്രത്യേക പൂൾ മൂല്യനിർണയത്തിന് മാത്രമായി രൂപീകരി ക്കാവുന്നതാണ്. യോഗ്യതയുള്ള ചെറുപ്പക്കാരുടേയും വിരമിച്ചവരുടെയും സേവനം സ്വീ കരിക്കാം. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വെർചൽ ഇവാ ലുവേഷന്റെ സാധ്യതയും പരിശോധിക്കേണ്ടതാണ്. കൂടാതെ, പുതിയ സമ്പ്രദായത്തിൽ സപ്ലിമെന്ററി പരീക്ഷയുണ്ടാകില്ല എന്നതുകൊണ്ട് സർവ്വകലാശാലകളുടെ പരീക്ഷാ ഭാരം ഗണ്യമായി കുറയുകയും ചെയ്യും. ഓപ്പൺ സർവ്വകലാശാല സ്ഥാപിതമാകുന്നതോടെ

വിദൂര പഠനത്തിന്റെയും പ്രൈവറ്റ് വിദ്യാർത്ഥികളുടെയും ചുമതല സർവകലാശാല കൾക്ക് വഹിക്കേണ്ടി വരികയുമില്ല.

**അക്കാദമിക തയ്യാറെടുപ്പുകളും പരിശീലനങ്ങളും**

പുതിയ സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും അധ്യാപകരെയും വിദ്യാർത്ഥികളേയും പുതിയ രീതിയുമായി പരിചയപ്പെടത്തുന്നതിനും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തുടനീളം ഒട്ടേറെ ശില്പശാലകളും പരിശീലന പരിപാടി കളും സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ എടുത്ത് പറയേണ്ട പരിപാടികൾ താഴെകൊ ടുക്കുന്നു.

1. 2008 ഫെബ്രുവരി 1,2 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തിയ ദേശീയ സെമിനാർ.
2. ഗ്രേഡിംഗ് സമ്പ്രദായത്തിന് മൂർത്ത രൂപം നൽകുന്നതിന് 2008 ഫെബ്രുവരി 20, 21 തീയതികളിലും ഏപ്രിൽ 16 നും നടത്തിയ ശില്പശാലകൾ.
3. പുതിയ സമ്പ്രദായം പരിചയപ്പെടുത്തുന്ന പരിശീലകർക്ക് വേണ്ടി 2008 ജൂലൈ 30, 31 ഓഗസ്റ്റ് 27, 28 ഒക്ടോബർ 29,30 എന്നീ തീയതികളിൽ നടത്തിയ പ്രത്യേക പരിശീലന പരിപാടികൾ.
4. കോമൺ കോഴ്സുകളുടെ മാതൃകാ സിലബസ്സുകൾക്ക് രൂപം നൽകുന്നതിന് വിവിധ സർവകലാശാലകളിലെ ബോർഡ്സ് ഓഫ് സ്റ്റഡീസുകളുടെ അധ്യക്ഷന്മാരെ പങ്കെടു പ്പിച്ചുകൊണ്ട് 2008 ഡിസംബർ 10 – 11, 16 – 17, 22 – 23, എന്നീ തീയതികളിൽ നട ത്തിയ ശില്പശാലകൾ
5. പുതുക്കിയ പാഠ്യ പദ്ധതി അനുസരിച്ച് വിവിധ വിഷയങ്ങളിൽ സിലബസ്സ് തയ്യാറാ ക്കുന്നതിന് വിപുലമായ അധ്യാപക പങ്കാളിത്തത്തോടെ വിവിധ സർവകലാശാലക ളിൽ ഫെബ്രുവരി 2009 മുതൽ ജൂൺ 2009 വരെയുള്ള കാലയളവിൽ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 119 ശില്പശാലകൾ.
6. 2008 ജൂൺ മാസത്തിനും 2009 മാർച്ച് മാസത്തിനും ഇടയിൽ നൂറ്റിയമ്പതിലധികം കേന്ദ്രങ്ങളിൽ വച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ധനസഹായത്തോടുകൂടി നടത്തിയ പരിശീലന പരിപാടികൾ.

**അധ്യാപക വിദ്യാർത്ഥി അനുപാതവും അധ്യാപക ഒഴിവുകളും**

മതിയാവുന്നത്ര സ്ഥിര അധ്യാപകരില്ലാതെയും ഉയർന്ന അധ്യാപക വിദ്യാർത്ഥി അനു പാതം നിലനിൽക്കുന്ന സാഹചര്യത്തിലും സെമസ്റ്റർ സമ്പ്രദായം ഫലപ്രദമായി നടപ്പാ

ക്കാനാകുമോ എന്ന ചോദ്യം പല കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവരുന്നുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട ചോദ്യം തന്നെ. വാർഷിക സമ്പ്രദായത്തിലായാലും സെമസ്റ്റർ സമ്പ്രദായത്തിലായാലും ഫലപ്രദമായി പഠനം നടക്കണമെങ്കിൽ ആവശ്യത്തിന് അധ്യാപകർ ഉണ്ടാകേണ്ടതുണ്ട്. അധ്യാപക വിദ്യാർത്ഥി അനുപാതം ഒരു നിശ്ചിത പരിധിയിലപ്പുറം ആവില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. ഇത് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുമ്പോൾ മാത്രമുള്ള പ്രശ്നമായി കാണേണ്ടതില്ല. നിലവിലുള്ള അധ്യാപക ഒഴിവുകൾ കഴിയുന്നത്ര വേഗത്തിൽ നികത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത് ഇത്തരുണത്തിൽ സ്വാഗതാർഹമാണ്. ഒരുപക്ഷെ പുതിയ സമ്പ്രദായം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പരോക്ഷമായുണ്ടാകുന്ന ഒരു നേട്ടമായും ഇതിനെ കാണാവുന്നതാണ്. അധ്യാപക വിദ്യാർത്ഥി അനുപാതം എല്ലാ ക്ലാസ്സുകളിലും ഒരു പോലെയല്ല. ഐച്ഛിക വിഷയങ്ങൾ പഠിക്കുന്ന ക്ലാസ്സുകളിൽ അനുപാതം ഭാഷാ വിഷയങ്ങളും സബ്സിഡിയറി വിഷയങ്ങളും പഠിക്കുന്ന ക്ലാസ്സുകളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്. വളരെ കൂടുതൽ വിദ്യാർത്ഥികളുള്ള ക്ലാസ്സുകളിൽ ആന്തരിക മൂല്യ നിർണ്ണയത്തിന് മറ്റ് ക്ലാസ്സുകളെ അപേക്ഷിച്ച് വ്യത്യസ്തമായിട്ടുള്ള മാർഗ്ഗങ്ങൾ ഒരു പക്ഷെ തല്ക്കാലം സ്വീകരിക്കേണ്ടിവരും. എല്ലാ ഭൗതിക സൗകര്യങ്ങളും ഒത്തിണങ്ങിയ ശേഷം മാത്രം പരിഷ്ക്കാരം നടപ്പാക്കാം എന്നു വാശിപിടിച്ചാൽ ഒരു പക്ഷെ പരിഷ്ക്കാരം ഒരിക്കലും നടപ്പാക്കാൻ സാധിച്ചു എന്ന് വരില്ല.

### തുടർപരിശീലനം

ഘടനയിലും ഉള്ളടക്കത്തിലും പഠന രീതിയിലും മൂല്യനിർണ്ണയ സമ്പ്രദായത്തിലും സമഗ്രമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന പുതിയ സമ്പ്രദായം സംബന്ധിച്ച് ചില അവ്യക്തതകൾ ഇപ്പോഴും അധ്യാപകർക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും നിലനിൽക്കുന്നുണ്ട്. ഇത് കണക്കിലെടുത്ത് സർവകലാശാലകളുമായി സഹകരിച്ചുകൊണ്ട് വളരെ വിപുലമായ തുടർ പരിശീലന പദ്ധതിക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപം നൽകിയിട്ടുണ്ട്.

1. അടുത്ത രണ്ട് മാസത്തിനുള്ളിൽ ആയിരം അദ്ധ്യാപകർക്ക് ഇൻഫർമാറ്റിക്സിൽ അഞ്ച് ദിവസത്തെ പരിശീലനം ഐ.എച്ച്.ആർ.ഡി യുമായി ചേർന്ന് നൽകുന്നു.
2. എല്ലാ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും മെത്തഡോളജി കോഴ്സുകളിൽ സവിശേഷ അവഗാഹം നൽകുന്നതിന് ജൂലൈ മാസത്തിൽ സംസ്ഥാന തലത്തിൽ രണ്ട് ദിവസം നീണ്ടുനിൽക്കുന്ന നാല് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

3. ബോർഡ് ഓഫ് സ്റ്റഡീസുകളുടെ ആഭിമുഖ്യത്തിൽ സർവകലാശാലാ തലത്തിൽ ഓരോ വിഷയത്തിലും അധ്യാപക പരിശീലനം നൽകുന്നതിന് 25,000 രൂപ വീതം ധന സഹായം ഓരോ ബോർഡിനും നൽകുന്നു.
4. മൂന്നോ അതിലധികമോ കോളേജുകൾ ചേർന്ന് പുതിയ കരിക്കുലം സംബന്ധിച്ച് ദ്വിദിന സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് 25,000 രൂപ വീതം ധനസഹായം നൽകുന്നു.
5. കോളേജ് തലത്തിൽ പുതിയ കരിക്കുലത്തിന്റെ ഘടനയും സ്വഭാവവും സംബന്ധിച്ച് ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് 5000 രൂപ വീതം ധനസഹായം നൽകുന്നു.
6. ഡിപ്പാർട്ട്മെന്റ് തലത്തിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പുതിയ സമ്പ്രദായവും കോഴ്സുകളും പരിചയപ്പെടുത്തുന്ന എകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് 5000 രൂപ വീതം ധനസഹായം നൽകുന്നു.

**കൗൺസിലിന്റെ ധർമ്മം**

പുതിയ സമ്പ്രദായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിയിട്ടുള്ള ഇടപെടലുകളെക്കുറിച്ച് ചില സംശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിൽ പ്രധാനമായത് കൗൺസിലിന്റെ ഇടപെടൽ സർവകലാശാലകളുടെ സ്വയം ഭരണ അവകാശത്തിൻമേലുള്ള കടന്നുകയറ്റമാണ് എന്നതാണ്. എന്നാൽ നിയമപര മായി ഇത്തരമൊരു അധികാരം കൗൺസിലിനില്ല. ഇല്ലാത്ത അധികാരങ്ങൾ കൗൺസിൽ പ്രയോഗിച്ചിട്ടുമില്ല. യഥാർത്ഥത്തിൽ സർവകലാശാലകളുടെ സ്വയം ഭരണ അവകാശത്തിന്റെ സ്വഭാവത്തെക്കുറിച്ച് വളരെ തെറ്റായ കാഴ്ചപ്പാടാണ് പലർക്കുമുള്ളത്. ദേശീയ തലത്തിൽ അക്കാദമിക പരിഷ്ക്കാരങ്ങളെക്കുറിച്ച് കാലാകാലങ്ങളിൽ യു.ജി.സി നിർദ്ദേശങ്ങൾ സമർപ്പിക്കാറുണ്ട്. യു.ജി.സിയുടെ ആഭിമുഖ്യത്തിൽ മോഡൽ കരിക്കുലവും സിലബസ്സും തയ്യാറാക്കി സർവകലാശാലകൾക്ക് നൽകാറുമുണ്ട്. ഇന്ത്യയിലെ സർവകലാശാലകളെല്ലാം ഇത്തരം നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തന്നെയാണ് അക്കാദമിക പ്രവർത്തനം നടത്തുന്നത്. ദേശീയ തലത്തിൽ യു.ജി.സി നിർവഹിക്കുന്ന അക്കാദമിക ധർമ്മങ്ങളാണ് സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ നിർവഹിക്കുന്നത്. യു.ജി.സി യുടേയോ കൗൺസിലിന്റെയോ നിർദ്ദേശം നിർബന്ധ പൂർവ്വം ഒരു സർവകലാശാലയുടെ മേലും അടിച്ചേൽപ്പിക്കാനാവില്ല. നിർദ്ദേശങ്ങളിൽ തങ്ങൾക്ക് ആവശ്യമുള്ളത് സ്വീകരിക്കാനും അല്ലാത്തവ നിരാകരിക്കാനും ഉള്ള സ്വാതന്ത്ര്യം സർവകലാശാലകൾക്കുണ്ട്. അതേസമയം ദേശീയ തലത്തിലും സംസ്ഥാന

തലത്തിലുമുള്ള വിദഗ്ദ്ധ സമിതികളുടെ ഉപദേശം ശ്രവിക്കാൻ അവസരം ലഭിക്കുന്നു എന്നുള്ളത് അക്കാദമിക മികവിലേയ്ക്ക് ഉയരാൻ സർവകലാശാലകൾക്ക് ലഭിക്കുന്ന അവസരമായി കാണേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർവകലാശാലകളുടെയും വിദ്യാഭ്യാസ വിചക്ഷണന്മാരുടേയും ഒരു കൂട്ടായ്മ മാത്രമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗൗരവപൂർണ്ണമായ അന്വേഷണങ്ങൾ ഏറ്റെടുക്കുന്ന കൂട്ടായ്മ.

**സർവകലാശാലകളുടെ സ്വയംഭരണം**

കേരളത്തിലെ സർവകലാശാലകൾ തങ്ങളുടെ സ്വയംഭരണ അവകാശം നിലനിർത്തിക്കൊണ്ട് തന്നെ യു.ജി.സിയുടേയും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെയും നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർവകലാശാലകളുടെ പാഠ്യ പദ്ധതി ചട്ടക്കൂടിലും കോഴ്സുകളുടെ ഉള്ളടക്കത്തിലും ഒട്ടേറെ സമാനതകൾ ഉള്ളപ്പോൾ തന്നെ വ്യതിരിക്തതയും ഉണ്ട്. ഇത് ഓരോ സർവകലാശാലയുടേയും റെഗുലേഷനും സിലബസ്സും പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും അക്കാദമിക മൊബിലിറ്റി എളുപ്പമാക്കുക എന്നതാണ് പുതിയ സമ്പ്രദായത്തിന്റെ ഏറ്റവും പ്രധാന നേട്ടമായി കാണുന്നത്. ഇത് സാധ്യമാകണമെങ്കിൽ ഒരു പരിധി വരെ ഏകീകരണം ആവശ്യമാണ്. പൊതു പാഠ്യ പദ്ധതിയുടെ അഭാവത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും കോഴ്സുകളുടെ പരസ്പര അംഗീകാരം ബുദ്ധിമുട്ടാകും. ക്രെഡിറ്റ് നൽകുന്ന മാനദണ്ഡങ്ങളിൽ സമാനതകളില്ലെങ്കിൽ ക്രെഡിറ്റ് ട്രാൻസ്ഫർ അസാദ്ധ്യമാകും. യഥാർത്ഥത്തിൽ ഏകീകരണവും വൈവിധ്യവല്ക്കരണവും ഏത് അളവിൽ സമന്വയിപ്പിക്കണമെന്നുള്ളതാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് നാം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്. ആരോഗ്യകരമായ അതിർവരമ്പുകൾക്കുള്ളിൽ ഏകീകരണവും വൈവിധ്യവല്ക്കരണവും ഡിഗ്രിതല പാഠ്യ പദ്ധതിയുടെ പുന:സംഘാടനത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന പരിശോധനയാണ് പ്രസക്തമായിട്ടുള്ളത്. ഈ പുന:സംഘാടനത്തിലൂടെ ഒരു പുതിയ അക്കാദമിക് അന്തരീക്ഷം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വളർത്തിയെടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

**02.07.2009** **മെമ്പർ സെക്രട്ടറി**